ടെണ്ടർ നമ്പർ പി.1876/01

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ.പി.ഒ.
തിരുവനന്തപുരം
തീയതി: 11-04-2013

## ലഘുദർഘാസ് പരസ്യം

ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ഓഫ്സെറ്റ് പ്രസ്സും അനുബന്ധ സാമഗ്രികളും നിലവിലുള്ള അവസ്ഥയിൽ വിൽക്കുന്നതിന് മത്സരാധിഷ്ഠിത ടെണ്ടറുകൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽനിന്നും ക്ഷണിച്ചുകൊള്ളുന്നു.

ഓഫ്സെറ്റ് പ്രസ്സിന്റെ സ്പെസിഫിക്കേഷൻസ് ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്പെസിഫിക്കേഷൻ | എണ്ണം |
|---|---|---|
| 1. | HMT single colored sheetfed offset printing machine model SOM-131 with all standard accessories and electrical equipments<br>Blanket<br>Under blanket | 1 (ഒന്ന്) |

**വ്യവസ്ഥകൾ**

1) അടങ്കൽ തുക : 1,25,000/-
2) ദർഘാസ് ഫോറത്തിന്റെ വില - അസ്സൽ : 400+VAT
3) ദർഘാസ് ഫോറത്തിന്റെ വില - പകർപ്പ് : 200+VAT
4) ദർഘാസ് ഫോറം വിൽപ്പന ആരംഭിക്കുന്ന തീയതി : 01-05-2013
5) ദർഘാസ് ഫോറം വിൽപ്പന അവസാനിക്കുന്ന തീയതി: 15-05-2013
6) ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : 15-05-2013 2 pm.
7) ദർഘാസ് തുറക്കുന്ന തീയതി, സമയം : 15-05-2013 3 pm.
8) നിരതദ്രവ്യം : Rs.3500/- ഫാം ഇൻഫർമേഷൻ ബ്യൂറോ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ പേരിൽ എടുത്ത തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്

**നിബന്ധനകൾ**

1) ദർഘാസ് ഉള്ളടക്കം ചെയ്ത മുദ്രവച്ച കവറിനു മുകളിൽ "HMT offset printing machine model SOM-131" ന്റെ ദർഘാസ് - എന്ന് രേഖപ്പെടുത്തിയിരിക്കണം.

2) നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന ദർഘാസുകൾ നിശ്ചയിക്കപ്പെട്ട സമയത്ത് ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ തുറക്കുന്നതായിരിക്കും.

3) മേൽ നിശ്ചയിച്ചിരിക്കുന്ന തീയതികളിൽ കാരണമൊന്നും കാണിക്കാതെ മാറ്റം വരുത്തുവാനോ, ദർഘാസ് നടപടികളിൽ ഭേദഗതി വരുത്തുവാനോ, ദർഘാസ് തന്നെ റദ്ദു ചെയ്യുവാനോ ഫാം ഇൻഫർമേഷൻ ബ്യൂറോ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അധികാരമുണ്ടായിരിക്കും.

4) നിശ്ചിത സമയത്തു തുറക്കുന്ന ദർഘാസുകളിൽ എല്ലാ നിബന്ധനകളും, വ്യവസ്ഥകളും പാലിക്കുന്നതും, ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളതുമായ ദർഘാസ് കൃഷി വകുപ്പ് ഡയറക്ടറുടെ അനുമതിക്ക് വിധേയമായി അംഗീകരിക്കുന്നതും, ആ ദർഘാസുകാരന് ടി പ്രസ്സ് വിൽക്കുന്നതുമായിരിക്കും.

5) വിജയിയായ ദർഘാസുകാരൻ കൃഷി ഡയറക്ടറുടെ അംഗീകാരം ലഭിച്ച തീയതി കണക്കാക്കി 15 ദിവസത്തിനുള്ളിൽ തന്നെ തുക പൂർണ്ണമായി അടച്ച് (നികുതിയടക്കം) പ്രസ്സ് നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ പൂർണ്ണമായ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും, അതു മൂലം കെട്ടിടങ്ങൾക്ക് നാശനഷ്ടങ്ങളോ, മറ്റ് അപകടങ്ങളോ ഉണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ദർഘാസുകാരന്റേതു മാത്രം ആയിരിക്കും.

6) നിരക്കുകൾ ക്വോട്ടു ചെയ്യുമ്പോൾ നിരക്കുകളും, നികുതികളും മറ്റ് ചെലവുകളും പ്രത്യേകം കാണിക്കേണ്ടതാണ്.

7) സർക്കാർ ദർഘാസുകൾക്കു ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

വിശ്വസ്തതയോടെ,

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ